# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3089 — 21/6/2013 ൽ മറുപടിയ്ക്ക്

## നികത്തപ്പെട്ട നെൽപ്പാടങ്ങളെ കൃഷി യോഗ്യമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ വയൽ വിസ്തൃതിയിൽ കഴിഞ്ഞ അഞ്ചുവർഷത്തിൽ എത്ര ഹെക്ടറിന്റെ കുറവുണ്ടായി ട്ടുണ്ട് ; | (എ) കഴിഞ്ഞ 5 വർഷത്തെ സ്ഥിതിവിവര കണക്ക് ചുവടെ ചേർക്കുന്നു.<br>2007-08 -228938 ഹെ<br>2008-09 -234265 ഹെ<br>2009-10 -234013 ഹെ<br>2010-11 -213185 ഹെ<br>2011-12 -208160 ഹെ |
| (ബി) | നെൽവയൽ വിസ്തീർണ്ണം നില നിർത്തുന്നതിനും നെൽ ഉല്പാദനം വർദ്ധിപ്പിക്കുന്ന തിനുമായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന കർമ്മ പരിപാ ടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) നെൽവയൽ വിസ്തീർണ്ണം നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും കേരള സർക്കാർ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് നിലവിൽ കൊണ്ടു വന്നു. സംസ്ഥാനത്ത് നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. അവ ഇപ്രകാരമാണ്.<br>1. നെൽകർഷകർക്ക് ഹെക്ടറിന് 1000/- രൂപ നിരക്കിൽ 3 വിളകൾക്കും ഉല്പാദന ബോണസ്.<br>2. നെൽകൃഷിക്ക് ഭൂപരിധി ബാധകമാക്കാതെ ജലസേചനത്തിന് സൗജന്യ വൈദ്യുതി.<br>3. പാലക്കാട് ജില്ലയിൽ കേന്ദ്രസർക്കാരിന്റെ |

സഹായത്തോടു കൂടി ദേശീയ ഭക്ഷ്യസുരക്ഷ പദ്ധതി നടപ്പിലാക്കുന്നു.

4. ഗ്രൂപ്പ് ഫാമിംഗ് സമിതികളിലൂടെ സുസ്ഥിര നെൽകൃഷി വികസന പദ്ധതി.

5. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം.

6. പി.പി.പി.എസ്.ആർ.ഐ പദ്ധതി (Panchayath Level Perspective Programme for Rice Development Initiative)

7. നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം.

8. നെല്ലുസംഭരണം

മേൽ പദ്ധതികൾക്ക് പുറമെ ത്രിതല പഞ്ചായത്തുകളും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ധനസഹായം നൽകി വരുന്നു.

| | | |
|---|---|---|
| (സി) | നികത്തപ്പെട്ട എത്ര ഹെക്ടർ നെൽപ്പാടങ്ങളെ കൃഷി യോഗ്യമാക്കാൻ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സാധിച്ചു എന്ന് വിശദമാക്കുമോ ? | (സി) അനധികൃതമായി നികത്തപ്പെട്ട ഏകദേശം 96 ഹെക്ടർ സ്ഥലം പൂർവ്വ സ്ഥിതിയിലേക്ക് കൊണ്ട് വന്നു കൃഷി യോഗ്യമാക്കാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ